"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ചേർത്തല സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിലെ ശ്രീ. അരുൺ കെ. പി.യുടെ എഫ്.ടി.എം. തസ്തികയിലെ നിയമനം അംഗീകരിക്കുന്നത് - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.786/2026/GEDN തീയതി,തിരുവനന്തപുരം, 28-01-2026

---

പരാമർശം:- 1. കോർപ്പറേറ്റ് മാനേജരുടെ 16.10.2025-ലെ റിവിഷൻ ഹർജി.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14.12.2025 തീയതിയിലെ ഇസി1/23838/2025/ഡിജിഇ നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

ചേർത്തല സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിലെ ശ്രീ അരുൺ കെ. പി.യുടെ എഫ്.ടി.എം. തസ്തികയിലെ നിയമനം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് കോർപ്പറേറ്റ് മാനേജർ പരാമർശം 1 പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചിട്ടുണ്ട്.

2. ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ വരുന്ന സെന്റ് മേരീസ് ഗേൾസ് എച്ച്.എസ് ലെ എഫ്.റ്റി.എം ശ്രീമതി അഞ്ജു എം.എഫ് -നെ 01/06/2024 മുതൽ ഓഫീസ് അറ്റൻഡന്റ് സ്ഥാനക്കയറ്റം നൽകി മുട്ടം ഹോളി ഫാമിലി എച്ച്.എസ് ൽ നിയമിച്ച ഒഴിവിൽ മാനേജർ ശമ്പള സ്കെയിലിൽ ശ്രീ അരുൺ കെ.പി യെ 01/06/2024 ആയി മുതൽ നിയമിച്ചു. ശ്രീമതി അഞ്ജു എം.എഫ് ന്റെ ഓഫീസ് അറ്റൻഡന്റ് ആയുള്ള സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചിട്ടില്ല എന്നതിനാൽ നിയമനത്തിന് ആധാരമായ ഒഴിവ് വ്യവസ്ഥാപിതമല്ല, മാനേജ്മെന്റിന് കീഴിൽ ഉള്ള മുതിർന്ന നിയമനാർത്ഥികളുടെ നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ല, നിയമിതൻ എസ്.എസ്.എൽ.സി യോഗ്യത മാത്രമേ ആർജിച്ചിട്ടുള്ളൂ എന്നുള്ള ഡിക്ലറേഷൻ ഹാജരാക്കിയിട്ടില്ല എന്നീ കാരണങ്ങളാൽ ടി നിയമനം ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറും വിദ്യാഭ്യാസ ഉപഡയറക്ടറും പൊതു വിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചിരുന്നു.

3. 2024-2025 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ചേർത്തല സെന്റ് മേരീസ് എച്ച്.എസ്.-ന് 2 എഫ്.ടി.എം പോസ്റ്റ് അനുവദിച്ചു നൽകിയിട്ടുണ്ട്. സ്റ്റാഫ് ലിസ്റ്റ് പ്രകാരം നിയമിതൻ ഉൾപ്പടെ 2 പേർ മാത്രമാണ് ജോലി ചെയ്യുന്നത്. ശ്രീമതി അഞ്ജു എം.എഫ് ന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കപ്പെടാത്തതിനാൽ നിയമനത്തിന് ആധാരമായ ഒഴിവ് വ്യവസ്ഥാപിതമല്ല. കൂടാതെ സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ല, ശ്രീ അരുൺ കെ.പി. എസ്.എസ്.എൽ.സി അല്ലാതെ മറ്റ് യോഗ്യതകൾ ഒന്നും തന്നെ ആർജിച്ചിട്ടില്ല എന്നുമുള്ള സാക്ഷ്യ പത്രം നിലവിലും

ഹാജരാക്കിയിട്ടില്ല, എന്നീ കാരണങ്ങളാൽ നിലവിലും സെന്റ് മേരീസ് എച്ച്.എസ് ലെ എഫ്.ടി.എം ആയുള്ള ശ്രീ അരുൺ കെ.പി യുടെ 01/06/2024 മുതലുള്ള നിയമനം പരിഗണനാർഹമല്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ചേർത്തല സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിലെ ശ്രീ.അരുൺ കെ. പി.യുടെ എഫ്.ടി.എം. തസ്തികയിലെ നിയമനം അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ച്, അപ്രകാരം കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, സെന്റ് മേരീസ് ഫോറേൻ ചർച്ച് സ്കൂൾസ്, മുട്ടം, ചേർത്തല-688 524.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 28-01-2026 14:24:43

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.